പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.607 — 28.02.2017 ൽ മറുപടിയ്ക്ക്

## ശ്രീപാദം സ്റ്റേഡിയത്തിലെ അടിസ്ഥാന സൗകര്യങ്ങൾ

ചോദ്യം. — ഉത്തരം

ശ്രീ.ബി.സത്യൻ — ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും
യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതി കൊണ്ട് കായിക പരിശീലനത്തിന് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) & ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം നവീകരിക്കുന്നതിന്റെ ഭാഗമായി സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനായി 4.99 കോടി രൂപയുടെ ഭരണാനുമതിയും, നാച്വറൽ ടർഫ് നിർമ്മിക്കുന്നതിനായി 1,56,00,000 രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ കൈക്കൊള്ളുന്നതിനായി കായിക യുവജനകാര്യ എഞ്ചിനീയറിംഗ് വിംഗിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| ബി) | പരിശീലനത്തിന് അടിസ്ഥാന സൗകര്യം ഏർപ്പെടുത്താൻ നടപടി കൈക്കൊള്ളുമോ; ഇതിനായി എന്തെല്ലാം ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ; | | |
| സി) | സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് കായിക ഉപകരണങ്ങൾ, കളിസ്ഥലം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് ഏതെല്ലാം പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ; | സി) | സംസ്ഥാനത്ത് സർക്കാർ /എയ്ഡഡ് സ്കൂളുകൾക്ക് കായിക ഉപകരണങ്ങൾ/ഫിറ്റ്നെസ് ട്രെയിനിംഗ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും ദേശീയ നിലവാരം പുലർത്തുന്ന കായികതാരങ്ങൾക്ക് ടൂർണമെന്റിൽ പങ്കെടുക്കുന്നതിനും കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും കോച്ചിംഗ് ക്യാമ്പിൽ പങ്കെടുക്കുന്നതിനും സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കായിക വികസനത്തിനായി ട്രെയിനിംഗ് കോച്ചിംഗ് ക്യാമ്പ് എന്നിവ സംഘടിപ്പിക്കുന്നതിനും ധനസഹായം അനുവദിച്ചു വരുന്നുണ്ട്. അപേക്ഷ ക്ഷണിച്ച് അർഹരായ |

| | | | |
|---|---|---|---|
| | | | സ്കൂളുകളെ കണ്ടെത്തിയാണ് ധനസഹായം നല്കിവരുന്നത്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്റ്റേഡിയങ്ങൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ, നീന്തൽ കുളങ്ങൾ, ജിംനേഷ്യങ്ങൾ എന്നിവിടങ്ങളിൽ കായിക പരിശീലനം നല്കിവരുന്നുണ്ട്. സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിലായി സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകൾ, സ്കൂൾ, കോളേജ് സ്പോർട്ട്സ് ഹോസ്റ്റലുകൾ, ഡേ ബോർഡിംഗ് സെന്ററുകൾ, സ്പോർട്ട്സ് ട്രെയിനിംഗ് സെന്ററുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. ആയവയ്ക്ക് സാമ്പത്തിക സഹായവും പരിശീലകരുടെ സേവനവും കൗൺസിലിൽ നിന്നും നൽകി വരുന്നു. സ്പോർട്സ് ഹോസ്റ്റലുകളിലെ കായിക താരങ്ങൾക്ക് കായിക ഉപകരണങ്ങൾ, സ്പോർട്സ് കിറ്റ് എന്നിവയും നൽകി വരുന്നുണ്ട്. സ്കൂൾ, കോളേജ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ കളിസ്ഥല വികസനത്തിനായും നവീകരണത്തിനായും ധനസഹായവും അനുവദിക്കുന്നുണ്ട്. കൂടാതെ കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾക്ക് കായിക ഉപകരണങ്ങളും വാങ്ങി നൽകുന്നുണ്ട്. |
| ഡി) | ഇത്തരം പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും സ്കൂൾ അധികൃതർ, തദ്ദേശ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ ? | ഡി) | പരിഗണിയ്ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ